'ഭരണഭാഷ മാതൃഭാഷ",

# വ്യാവസായിക പരിശീലകുപ്പ്

## (കേരള സംസ്ഥാനം)

എഫ് 3/8698/14

The document should be uploaded to the Department website

ADT 24/3/14

തൈക്കാട്,തിരുവനന്തപുരം-14
തീയതി: 24/03/14

## സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് -മോഡുലാർ പാറ്റേൺ ട്രെയിനിംഗ് - മെയ്,2014-ഇൻസ്ട്രക്ടർമാരെ ട്രെയിനിംഗിൽ നിയോഗിക്കുന്നതിന് ഓപ്ഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) DGE&T യുടെ 19(10)/2010 CD നമ്പരായുള്ള 29.09.10, 25.5.12 എന്നീ തീയതികളിലെ ഉത്തരവുകൾ.

2) DGE&T -19(11)/2010 CD നമ്പരായുള്ള 4.08.10 ലെ ഉത്തരവ്

3) സർക്കാർ ഉത്തരവ് നം.(എം.എസ്)111/12 തൊഴിൽ തീയതി 25.07.12.

DGE&Tയുടെ 29.09.10, 25.05.12 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരവും സൂചന മൂന്നിലെ സർക്കാർ ഉത്തരവ് പ്രകാരവും ഈ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഇൻസ്ട്രക്ടർമാരും (ജൂനിയർ, സീനിയർ, ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ) -മോഡുലാർ പാറ്റേൺ സ്കീം അനുസരിച്ചുള്ള ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന്റെ എല്ലാ മോഡ്യൂളുകളിലും ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സൂചന(2) ലെ DGE&T യുടെ ഉത്തരവ് പ്രകാരം നാലു മോഡ്യൂളുകളും പൂർത്തീകരിക്കേണ്ട സമയപരിധി മൂന്നു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. അതായത് ഒരു ഇൻസ്ട്രക്ടർക്ക് 12 അവസരങ്ങൾ പ്രയോജനപ്പെടുത്തി ട്രെയിനിംഗ് പൂർത്തീകരിക്കാവുന്നതാണ്.

സൂചന (2)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ DGE&T യുടെ ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ മൂന്നു വർഷകാലാവധി പരിശോധിച്ച് മാത്രമേ ഓരോ മൊഡ്യൂളുകളിലും പ്രവേശനം നൽകുന്നുള്ളൂ. ആയതിനാൽ ശേഷിക്കുന്ന മൊഡ്യൂളുകളിൽ ട്രെയിനിംഗ് പൂർത്തീകരിക്കേണ്ട അവസരം നഷ്ടപ്പെട്ട ഇൻസ്ട്രക്ടർമാർക്ക് DGE&T യുടെ പ്രത്യേക അനുമതി വാങ്ങിയാൽ മാത്രമേ ട്രെയിനിംഗ് പൂർത്തീകരിക്കാൻ കഴിയുകയുള്ളു. അല്ലാത്തപക്ഷം ടി ഉദ്യോഗസ്ഥർ 25.05.2012 ലെ DGE&T യുടെ ഉത്തരവിന് മുമ്പ് പൂർത്തീകരിച്ചിട്ടുള്ള എല്ലാ മൊഡ്യൂളും പുതുതായി പൂർത്തീകരിക്കേണ്ടതായി വരും. മെയ് 2014 ട്രെയിനിംഗ് സെക്ഷനിൽ ട്രെയിനിംഗ്

കാലാവധി കഴിഞ്ഞ ഇൻസ്ട്രക്ടർമാർ DGE&T യുടെ 25/5/12-ലെ ഉത്തരവിന് മുൻപ് പൂർത്തീകരിച്ച മൊഡ്യൂളിൽ ആവശ്യമെങ്കിൽ വീണ്ടും ട്രെയിനിംഗിൽ പങ്കെടുക്കാം എന്ന് സമ്മതം ഉള്ളവർ മാത്രം ഓപ്ഷൻ നൽകിയാൽ മതിയാകും.

സൂചനയിലെ ഉത്തരവുകളിലെ നിർദ്ദേശം അനുസരിച്ച് DGE&T യുടെ വിവിധ ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ മെയ്/2014- ട്രെയിനിംഗ് പിരീഡിൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി ഇൻസ്ട്രക്ടർമാരെ നിയോഗിക്കുന്നതിനുവേണ്ടി താങ്കളുടെ സ്ഥാപനത്തിൽ ട്രെയിനിംഗ് ലഭ്യമാക്കേണ്ട ഇൻസ്ട്രക്ടർമാരുടെ വിവരം ഈ സർക്കുലറിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഓപ്ഷൻ മുഖാന്തിരം നൽകേണ്ടതാണ്. നൽകുന്ന ഓപ്ഷൻ മേയ് 2014 ലേക്കു മാത്രമേ പരിഗണിക്കുകയുള്ളൂ. നിലവിൽ ഓരോ Field Institute കളിലേയും സീറ്റ് ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ ട്രെയിനിംഗിനു നിയോഗിക്കുകയുള്ളൂ.

നിലവിൽ ഏതെങ്കിലും മൊഡ്യൂളിൽ ട്രെയിനിംഗിൽ പങ്കെടുത്തുവരുന്നവർ മൂന്ന് വർഷ കാലാവധിയ്ക്കുള്ളിൽ ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണെന്ന് DGE&T യുടെ 25.05.12-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സൂചന രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം ട്രെയിനിംഗ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പ്രൊമോഷനുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതല്ല. ആയതിനാൽ DGE&T നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് പൂർത്തിയാക്കേണ്ടത് ഇൻസ്ട്രക്ടർമാരുടെ ഉത്തരവാദിത്തമാണ് അതുകൊണ്ട് ഓപ്ഷൻ ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം കൃത്യമായി രേഖപ്പെടുത്തി 31.03.14-നകം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നൽകേണ്ടതാണ്. ഓപ്ഷൻ ഫോറം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ട ഉത്തരവാദിത്തം അതാത് ഐ.ടി.ഐ പ്രിൻസിപ്പാൾമാരുടേതാണ്. സീനിയോരിറ്റി അനുസരിച്ച് ഇതുവരെയും ട്രെയിനിംഗിന് നിയോഗിച്ചിട്ടില്ലാത്ത എല്ലാ ഇൻസ്ട്രക്ടർമാരും ഓപ്ഷൻ നൽകിയിട്ടുണ്ടെന്ന് അതാത് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതാണ്. 31.03.2014 നു ശേഷം ലഭിക്കുന്ന ഓപ്ഷനുകളും, അപൂർണ്ണമായ ഓപ്ഷൻ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്ന് അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

To

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ

## OPTION FOR MODULAR PATTERN OF CRAFT INSTRUCTOR TRAINING FOR THE YEAR 2014 – 2015

| | | |
|---|---|---|
| 1 | UNIQUE-ID From CTI/ATI | |
| 2 | Sl. No In the Seniority List F3/27710/12 dated: 01/03/12 | |
| 3 | Name of ITI | |
| 4 | Name and Designation of the official (Use CAPITAL Letters) | |
| 5 | Age, Date of Birth and Sex | Age : Date of Birth: Sex: |
| 6 | Trade in which posted as Jr/Sr Instructor | Date of joining |
| 7 | Trade opted if recruited directly to GI | |

| 8 | If promoted as per Special Rule Para (6) Date of joining as | | | |
|---|---|---|---|---|
| | Sr. Instructor | GI/MWF/JAA(T) | Prl-II/VP/TO/TTO | Principal Class - I |
| | | | | |
| | | | | |

| 9 | Craft Instructor Training Completed- | | | | | |
|---|---|---|---|---|---|---|
| | Sl. No | CTI/Name of Module | From | To | Name of Field Institute | No. & Date of the Certificate received |
| | 1 | | | | | |
| | 2 | | | | | |
| | 3 | | | | | |
| | 4 | | | | | |

| 10 | Option for Craft Instructor Training for the period from May 2014 | | | |
|---|---|---|---|---|
| | No | Name of Module (Three Months Duration) | Name of Field Institute | Preferred |
| | 1 | Training Methodology (TM) | | |
| | 2 | Engineering Technology (ET) | | |
| | 3 | Trade Technology - I (TT -1) | | |
| | 4 | Trade Technology – II(TT – II) | | |

| | | |
|---|---|---|
| 11 | Address for communication with Phone/Mobile No/E-mail ID | |
| 12 | Remarks if any, | |

(Note:- If Craft Instructor Training is not available for your trade, select the POT Module & period only)

I.........................................................................................................hereby declare that the above mentioned facts are correct to my knowledge.and belief. I am aware that the Craft Instructor Certificate would be awarded only after successful completion of all the four modules for the trades for which modular pattern of Craft Instructor Training available in the Field Institute of DGE&T. Also aware that the Crafts Instructor Certificate is essential / for getting further promotion

Date:

Signature of Officer Exercising the option
Designation

The above mentioned facts are verified and correct, Sri............................................ is include / not included as SI.No.............................. in the seniority list prepared for training.

Place:
Date:

Principal/Headof Institution
Signature with date and designation and Office seal